<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

<u>കണ്ണൂർ ഗവ. മെഡിക്കൽകോളേജിലെ ട്രോമാകെയർ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർക്കാർ മെഡിക്കൽകോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി മുഖേന ട്രോമാകെയർ ഒന്നാം ഘട്ട പദ്ധതിക്ക് 57.69 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ചിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായുള്ള ഒന്നാം ഘട്ട ട്രോമാ കെയർ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് 24-01-2020-ലെ സ. ഉ. (സാധാ) നം. 181/2020/ ആ.കു.വ നമ്പർ ഉത്തരവു പ്രകാരം 57,69,76,290.27 രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും പദ്ധതി നിർവ്വഹണ ഏജൻസിയായി (എസ്.പി.വി) WAPCOS-നെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 118 കിടക്കകൾ ഉൾക്കൊള്ളുന്ന പുതിയ കെട്ടിട (B+G+3) നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രേഖ എസ്.പി.വി കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച ശേഷം 03-11-2020-ലെ HFW002-27/APR-3/2020/KIIFB നമ്പർ ഉത്തരവു പ്രകാരം 51.297 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. എന്നാൽ IFC മാനദണ്ഡപ്രകാരം റീഡിസൈൻ ചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടതിനെത്തുടർന്ന് എസ്.പി.വി പുതുക്കിയ ഡിസൈൻ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബിയുടെ അഭിപ്രായം ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ഡിസൈൻ ചെന്നൈ ഐ.ഐ.റ്റി-യുടെ പരിശോധനയ്ക്കായി എസ്.പി.വി സമർപ്പിച്ചിരിക്കുകയുമാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി പരിശോധിച്ച ശേഷം മാനദണ്ഡങ്ങൾക്കു അനുസൃതമായി സമർപ്പിച്ചാൽ അംഗീകാരം നൽകാവുന്നതും പദ്ധതി ആരംഭിക്കുന്നതിനായി ടെണ്ടർ ഉൾപ്പെടെയുള്ള തുടർനടപടികൾ എസ്.പി.വിയ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ